# റബ്ബർ ബോർഡ് എംപ്ലോയീസ് സഹകരണസംഘം

## ക്ലിപ്തം നമ്പർ കെ. 155, കോട്ടയം - 2

## ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം

## നിബന്ധനകൾ

1. ഈ സ്കീമിന്റെ പേര് റബ്ബർ ബോർഡ് എംപ്ലോയീസ് സഹകരണസംഘം ഗ്രൂപ്പ് ഡെപ്പോസിറ്റ് ആൻഡ് ക്രെഡിറ്റ് സ്കീം എന്നാകുന്നു.

2. ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടിക പ്രകാരമുള്ള സംഖ്യ കൃത്യമായി അടയ്ക്കാൻ തയ്യാറുള്ള സംഘാംഗങ്ങൾക്ക് ഈ സ്കീമിൽ ചേരാവുന്നതാണ്. ഈ നിബന്ധനകൾ അംഗീകരിച്ച് സംഘത്തിൽ അപേക്ഷ നൽകേണ്ടതാണ്.

3. ഈ സ്കീമിലെ 1, 3 ഗ്രൂപ്പുകളുടെ കാലാവധി 50 മാസവും 2-ാമത് ഗ്രൂപ്പിന്റെ കാലാവധി 25 മാസവും ആയിരിക്കുന്നതാണ്. ഒരേ തുക മുതൽ വരുന്ന 50 യൂണിറ്റുകൾ ചേർന്നതാണ് 1, 3 ഗ്രൂപ്പുകൾ. ഒരേ തുക മുതൽ വരുന്ന 25 യൂണിറ്റുകൾ ചേർന്നതാണ് രണ്ടാമത്തത് മൂന്നാമത് ഗ്രൂപ്പ്. 25,000, 50,000, 1,00,000, 200000 രൂപാ എന്നിങ്ങനെ മുതൽ വരുന്ന ഗ്രൂപ്പുകളായിട്ടാണ് ആരംഭിക്കുന്നത്. പദ്ധതിയിൽ ചേരുന്ന അംഗങ്ങളിൽ ഓരോ മാസവും നറുക്കെടുപ്പിൽ പങ്കെടുത്ത് നറുക്ക് കിട്ടുന്ന അംഗത്തിന് ഓരോ യൂണിറ്റിനും മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള പട്ടികപ്രകാരമുള്ള തുക പലിശയില്ലാതെ അഡ്വാൻസായി ലഭിക്കുന്നതാണ്.

4. ഈ സ്കീമിൽ നിന്നും സംഘം പ്രതിമാസം പരമാവധി 5% വരെ കമ്മീഷൻ / സർചാർജ് ഈടാക്കുന്നതാണ്.

5. ഓരോ മാസവും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന അംഗത്തിന് പട്ടിക പ്രകാരമുള്ള തുക പലിശയില്ലാതെ അഡ്വാൻസായി ലഭിക്കുന്നതാണ്. ഈ സ്കീമിന്റെ ഓരോ ഗ്രൂപ്പിന്റെയും നറുക്കെടുപ്പ് തീയതി ഓരോ മാസവും 4-ാം തീയതി തോറും 3.10 പി. എം ന് സംഘം ആഫീസിൽ വച്ച് നടത്തുന്നതാണ്. 4-ാം തീയതി സംഘം അവധിദിവസം ആയിരുന്നാൽ അടുത്ത പ്രവൃത്തി ദിവസം നറുക്കെടുപ്പ് നടത്തുന്നതാണ്.

6. അതാതുമാസം അടയ്ക്കേണ്ട തുക നറുക്കെടുപ്പിന് തൊട്ടു മുൻപിലത്തെ മാസത്തെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നതാണ്. റിക്കവറി നടക്കാതെ കുടിശ്ശിക വരുന്ന അംഗത്തെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തുന്നതല്ല. നറുക്ക് വീണ അംഗത്തിന് നറുക്കെടുപ്പ് തീയതി മുതൽ 30 ദിവസത്തിനകം മതിയായ ജാമ്യം സഹിതം അപേക്ഷ സമർപ്പിച്ചാൽ പട്ടിക പ്രകാരം ടി തവണയ്ക്കുള്ള തുക വാങ്ങാവുന്നതാണ്.

7. നറുക്കെടുപ്പിൽ പങ്കെടുക്കുന്നതിന് നറുക്കെടുപ്പ് സമയത്ത് സ്കീമിൽ ചേർന്നിരിക്കുന്ന അംഗമോ രേഖാമൂലം അധികാരപ്പെടുത്തിയ പ്രതിനിധിയോ നേരിട്ട് ഹാജരാവുകയോ അല്ലാത്തപക്ഷം സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് രേഖാമൂലം എഴുതിക്കൊടുക്കുകയോ ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യാത്തപക്ഷം ടി അംഗത്തിന്റെ നമ്പർ നറുക്കിൽ ഉൾപ്പെടുത്തുന്നതല്ല.

8. 7-ാം വകുപ്പിൽ പറയുന്ന പ്രകാരം നറുക്കെടുപ്പിൽ പങ്കെടുക്കുന്നതിന് ആരും ഇല്ലാതെ വരുന്ന പക്ഷം കുടിശ്ശിക ഇല്ലാത്ത നിലവിലുള്ള അംഗങ്ങളുടെ പേരുകൾ നറുക്കിട്ട് തുക ലഭിക്കേണ്ട അംഗത്തെ നിശ്ചയിക്കുന്നതായിരിക്കും.

9. നറുക്ക് കിട്ടുന്ന അംഗം പണം കൈപ്പറ്റുന്നതിന് കുടിശ്ശികയില്ലാത്ത 2 'എ' ക്ലാസ് അംഗങ്ങളുടെ ജാമ്യം സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സംഘം ഭരണസമിതി അംഗീകരിക്കുന്ന മുറയ്ക്ക് പ്രമാണം എഴുതിതന്ന് ടി അംഗത്തിന് സംഘത്തിൽ നിന്നും ടി തവണപ്രകാരമുള്ള തുക കൈപ്പറ്റാവുന്നതാണ്.

10. സ്കീമിൽ ചേർന്ന് നറുക്ക് കിട്ടിയതും കിട്ടാത്തതുമായ അംഗങ്ങൾ തവണകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കുടിശ്ശിക തുകയ്ക്ക് ഈ ഗ്രൂപ്പ് സ്കീം തുടങ്ങുന്ന ദിവസം സംഘത്തിൽ നിലവിലുള്ള സാധാരണ വായ്പയുടെ പലിശനിരക്കിൽ പലിശ ഈടാക്കാവുന്നതാണ്.

11. ഈ സ്കീമിൽ ചേർന്ന് നറുക്ക് വീഴാത്ത ഒരംഗം മൂന്ന് തവണയിൽ അധികം തുടർച്ചയായി കുടിശിഖ വരുത്തിയാൽ ടി അംഗത്തിന് നോട്ടീസ് നൽകിയതിനുശേഷം പകരം മറ്റൊരാളെ സ്കീമിൽ ഉൾപ്പെടുത്തുന്നതിനോ സംഘം നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിനോ സംഘത്തിന് അവകാശമുണ്ടായിരിക്കും. ഒഴിവാക്കപ്പെടുന്ന അംഗം അടച്ച തുക സ്കീമിൽ മാറി ചേരുന്ന അംഗത്തിന് നറുക്ക് വീഴുന്ന തവണയ്ക്ക് ആനുപാതിക / സർചാർജ്ജ് കഴിച്ച് മടക്കിക്കൊടുക്കുന്നതാണ്.